ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി,
തിരുവനന്തപുരം

TIME: 12.30 PM

# പ്രധാനവാർത്ത

DATE: 14.05.2026

1. കോൺഗ്രസ് നേതാവ് വി.ഡി.സതീശൻ കേരളത്തിന്‍റെ പുതിയ മുഖ്യമന്ത്രി. പ്രഖ്യാപനം തിരഞ്ഞെടുപ്പ് ഫലം വന്ന് 11-ാം നാൾ.

2. ആഗോള സമാധാനവും സുരക്ഷയും നിലനിർത്താൻ ചർച്ചകൾക്കും നയതന്ത്ര നീക്കങ്ങൾക്കും മാത്രമേ സാധിക്കൂ എന്ന് വിദേശകാര്യ മന്ത്രി എസ് ജയ്‌ശങ്കർ.

3. സംസ്ഥാനത്തെ എസ്എസ്എൽസി പരീക്ഷാഫലം നാളെ പ്രഖ്യാപിക്കും.

4. ഇടവമാസ പൂജയ്ക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകിട്ട് അഞ്ചിന് തുറക്കും.

5. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന്, പഞ്ചാബ് കിംഗ്സ് -മുംബൈ ഇന്ത്യൻസ് പോരാട്ടം.

*******************************

RNU TVPM

**മുഖ്യമന്ത്രി - സംസ്ഥാനം (ഇൻട്രോ)**

കേരളത്തിന്റെ പുതിയ മുഖ്യമന്ത്രിയായി വി.ഡി.സതീശനെ കോൺഗ്രസ് ഹൈക്കമാൻറ് തിരഞ്ഞെടുത്തു. കേരളത്തിൻറെ ചുമതലയുള്ള എ ഐ സി സി ജനറൽ സെക്രട്ടറി ദീപാ ദാസ് മുൻഷി , എ ഐ സി സി മാധ്യമ വിഭാഗം മേധാവി ജയറാം രമേശ് തുടങ്ങിയവർ ന്യൂഡൽഹിയിലാണ് പ്രഖ്യാപനം നടത്തിയത്.

മുതിർന്ന നേതാവ് രാഹുൽ ഗാന്ധിയും, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗേയും ഉൾപ്പടെയുള്ളവരാണ് തീരുമാനം കൈകൊണ്ടത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

*******************************

**പ്രൊഫൈൽ- വി ഡി സതീശൻ**

എറണാകുളം നെട്ടൂർ സ്വദേശിയായ വി ഡി സതീശൻ, അറുപത്തിയൊന്നാം വയസ്സിലാണ് കേരളത്തിന്റെ മുഖ്യമന്ത്രി പദത്തിലെത്തുന്നത്. 2001-ലാണ് പറവൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് ആദ്യമായി നിയമസഭയിലെത്തിയത്. തുടർന്ന് തുടർച്ചയായി അഞ്ച് തിരഞ്ഞെടുപ്പുകളിലും അദ്ദേഹം വിജയം നേടി. 2011ൽ യുഡിഎഫ് അധികാരത്തിൽ വന്നെങ്കിലും സതീശന് മന്ത്രിസ്ഥാനം ലഭിച്ചില്ല. 2021ൽ അദ്ദേഹം പ്രതിപക്ഷനേതാവായി. 2026-ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ പറവൂരിൽ നിന്നും 20,600 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് വി ഡി സതീശൻ വിജയിച്ചത്. നെട്ടൂരിലും പനങ്ങാട്ടും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം തേവര സേക്രഡ് ഹാർട്ട് കോളേജ്, തിരുവനന്തപുരം ലോ അക്കാദമി, ഗവൺമെൻറ് ലോ കോളേജ് എന്നിവിടങ്ങളിൽ നിന്നാണ് ബിരുദവും, ബിരുദാനന്തര ബിരുദവും നേടിയത്. കേരള ഹൈക്കോടതിയിൽ

RNU TVPM

അഭിഭാഷകനായി പ്രവർത്തിച്ചിട്ടുണ്ട്. വിദ്യാർത്ഥി പ്രസ്ഥാനമായ കെഎസ്‌യുവിൽ ചുമതലകൾ വഹിച്ച സതീശൻ, കെപിസിസി വൈസ് പ്രസിഡന്റ് പദവി ഉൾപ്പെടെ കോൺഗ്രസ് പാർട്ടിയുടെ ഉന്നതസ്ഥാനങ്ങളിലും പ്രവർത്തിച്ചു. മികച്ച വാഗ്മിയും വായനക്കാരനുമായ അദ്ദേഹം നിയമസഭയ്ക്കകത്തും പുറത്തും നടത്തിയ പ്രസംഗങ്ങൾ ഏറെ ജനശ്രദ്ധ നേടിയിട്ടുണ്ട്.

********************************

## ബ്രിക്സ് സമ്മേളനം

ആഗോള സമാധാനവും സുരക്ഷയും നിലനിർത്താൻ ചർച്ചകൾക്കും നയതന്ത്ര നീക്കങ്ങൾക്കും മാത്രമേ സാധിക്കൂ എന്ന് സമീപകാലത്തുണ്ടായ അന്താരാഷ്ട്ര സംഘർഷങ്ങൾ വ്യക്തമാക്കുന്നതായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. ന്യൂഡൽഹിയിൽ ആരംഭിച്ച ബ്രിക്സ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോള അനിശ്ചിതത്വങ്ങൾക്കിടയിൽ സമാധാനം, നയതന്ത്രം, സുസ്ഥിര വികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ആമുഖ പ്രസംഗത്തിൽ ഡോ. ജയ്ശങ്കർ ആഹ്വാനംചെയ്തു. സങ്കീർണ്ണവും അനിശ്ചിതത്വവും നിറഞ്ഞ ആഗോള സാഹചര്യത്തിൽ, തുല്യത ഉറപ്പാക്കി സുസ്ഥിര വികസന ലക്ഷ്യങ്ങളിലേക്ക് മുന്നേറാൻ കഴിയണം. സാങ്കേതിക മുന്നേറ്റങ്ങൾ സദ്ഭരണത്തിനായി വിനിയോഗിക്കണമെന്നും, ഭീകരവാദത്തിനെതിരെയുള്ള പോരാട്ടത്തിൽ ബ്രിക്സ് രാജ്യങ്ങൾ ഒന്നിച്ച് നിൽക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

'പ്രതിരോധശേഷി, നവീകരണം, സഹകരണം, സുസ്ഥിരത എന്നിവിൽ ഊന്നിയുള്ള വികസനമാണ് ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന രണ്ടു ദിവസത്തെ ബ്രിക്സ് സമ്മേളനത്തിന്റെ പ്രമേയം. ബ്രിക്സ് വിദേശകാര്യ മന്ത്രിമാരും അംഗരാജ്യങ്ങളിൽ നിന്നും പങ്കാളി രാജ്യങ്ങളിൽ നിന്നുമുള്ള പ്രതിനിധി സംഘത്തലവന്മാരും യോഗത്തിൽ പങ്കെടുക്കുന്നു.

RNU TVPM

******************************

## പ്രധാനമന്ത്രി - വിദേശ സന്ദർശനം

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആറു ദിവസത്തെ വിദേശ പര്യടനത്തിന് നാളെ തുടക്കമാകും. യു.എ.ഇ, നെതർലാൻഡ്സ്, സ്വീഡൻ, നോർവേ, ഇറ്റലി എന്നി രാജ്യങ്ങളാണ് അദ്ദേഹം സന്ദർശിക്കുന്നത്. പര്യടനത്തിന്റെ ആദ്യ ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ അബുദാബി സന്ദർശിക്കും. യുഎഇ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

******************************

## എസ്എസ്എൽസി പരീക്ഷാഫലം

സംസ്ഥാനത്തെ എസ്എസ്എൽസി പരീക്ഷാഫലം നാളെ പ്രഖ്യാപിക്കും. വൈകുന്നേരം 3 മണിക്ക് പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയും ഡിജിഇയും ചേർന്നായിരിക്കും ഫലം പ്രഖ്യാപിക്കുന്നത്. പരീക്ഷാഫലം സംസ്ഥാന സർക്കാരിന്റെ ഏകീകൃത സേവന പ്ലാറ്റ് ഫോമായ 'നമ്മുടെ കേരളം' ആപ്പിലൂടെയും ലഭ്യമാകും.

RNU TVPM

******************************

## ആഭ്യന്തരമന്ത്രി–എൻഡിആർഎഫ്

രൂപീകൃതമായി 20 വർഷത്തിനുള്ളിൽ രാജ്യത്തെ 140 കോടി ജനങ്ങളുടെയും വിശ്വാസം നേടിയെടുക്കാൻ ദേശീയ ദുരന്ത പ്രതികരണ സേനക്ക് സാധിച്ചതായി ആഭ്യന്തര മന്ത്രി അമിത് ഷാ. ഘാസിയാബാദിൽ നടന്ന ചടങ്ങിൽ എൻഡിആർഎഫിന് രാഷ്ട്രപതിയുടെ പരമോന്നത ബഹുമതിയായ 'പ്രസിഡന്റ്സ് കളർ അവാർഡ്' സമ്മാനിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് എവിടെ ദുരന്തമുണ്ടായാലും എൻഡിആർഎഫ്, എത്തുമ്പോൾ ജനങ്ങൾക്ക് വലിയ ആശ്വാസമാണ്. അന്താരാഷ്ട്ര തലത്തിലും മികച്ച

രക്ഷാപ്രവർത്തനമാണ് സേന കാഴ്ചവയ്ക്കുന്നത്. സംസ്ഥാന സേനകൾ, എൻസിസി, എൻഎസ്എസ്, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ പ്രവർത്തനങ്ങൾക്കുള്ള രാഷ്ട്രപതിയുടെ അംഗീകാരം കൂടിയാണ് ഈ പുരസ്കാരമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

******************************

**കോഴിക്കോട് -സർവ്വേ സംഘം**

കോഴിക്കോട് പെരുവണ്ണാമൂഴിയിൽ നിന്ന് ഡിജിറ്റൽ സർവേക്കായി പുറപ്പെട്ട്, വനമേഖലയിൽ അകപ്പെട്ട മൂന്ന് വനം വകുപ്പ് ഉദ്യോഗസ്ഥരും നാല് റവന്യൂ ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘത്തെ കണ്ടെത്തി. വനം വകുപ്പ് നടത്തിയ തെരച്ചിലിലാണ് കണ്ടെത്തിയത്. വയനാട് മാർഗം ഇവരെ നാട്ടിലെത്തിക്കും. പ്രതികൂല കാലാവസ്ഥ കാരണം അവിടെ തങ്ങേണ്ടിവന്നു എന്നാണ് ഔദ്യോഗിക വിശദീകരണം.

******************************

RNU TVPM

**<u>ബ്രേക്ക്</u>**

**ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...**

(ബ്രേക്ക്)

******************************

## <u>ഹജ്ജ് തീർഥാടകർ</u>

**സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് കീഴിൽ കോഴിക്കോട് കരിപ്പൂരിൽ നിന്ന് 969 തീർഥാടകർ ഇന്ന് യാത്ര തിരിച്ചു. രണ്ടു വിമാനങ്ങളിലായി 686 സ്ത്രീകളും 283 പുരുഷന്മാരുമാണ് ഇന്ന് യാത്ര തിരിച്ചത്. ആദ്യ വിമാനം പുലർച്ചെ 12.20 നും രണ്ടാമത്തെ വിമാനം പുലർച്ചെ 2.25 നുമാണ് പുറപ്പെട്ടത് ഈ മാസം 17 വരെയാണ് കരിപ്പൂരിൽ നിന്നുള്ള വിമാനങ്ങൾ ഷെഡ്യൂൾ ചെയ്തിരിക്കുന്നത്.**

******************************

## <u>ശബരിമല (ഇൻട്രോ)</u>

**ഇടവമാസ പൂജയ്ക്കായി ശബരിമല നട ഇന്ന് വൈകിട്ട് അഞ്ചിനു തുറക്കും. വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........**

(**വോയ്സ്**)

******************************

RNU TVPM

**പഞ്ചസാര കയറ്റുമതി**

രാജ്യത്തു നിന്നുള്ള പഞ്ചസാര കയറ്റുമതി കേന്ദ്രസർക്കാർ അടിയന്തര പ്രാബല്യത്തോടെ നിരോധിച്ചു. ആഭ്യന്തര വിപണിയിലെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമായാണ് അസംസ്കൃത പഞ്ചസാര, വെള്ള പഞ്ചസാര, ശുദ്ധീകരിച്ച പഞ്ചസാര എന്നിവയുടെ കയറ്റുമതിക്ക് ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് വിലക്കേർപ്പെടുത്തിയത്. ഈവർഷം സെപ്റ്റംബർ വരെയോ അടുത്ത ഉത്തരവുണ്ടാകുന്നത് വരെയോ നിരോധനം തുടരുമെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. അമേരിക്ക, യൂറോപ്യൻ യൂണിയൻ എന്നീ രാജ്യങ്ങളിലേക്ക് നിശ്ചിത ക്വാട്ട പ്രകാരം നടത്തുന്ന കയറ്റുമതി ഉൾപ്പെടെ ചില പ്രത്യേക കരാറുകൾക്കും പദ്ധതികൾക്കും ഇളവ് നൽകിയിട്ടുണ്ട്.

*******************************

**കുടുംബശ്രീ-പാലക്കാട് (ഇൻട്രോ)**

പാലക്കാട് ജില്ലയിലെ കടുത്ത വേനൽ നേട്ടമാക്കി കുടുംബശ്രീ. ഈ സീസണിൽ തണ്ണിമത്തൻ കൃഷിയിലൂടെ 6.8 കോടി രൂപയുടെ വിറ്റുവരവാണ് കുടുംബശ്രീ നേടിയത്. **വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്**.......

(**ഹോൾഡ്**)

*******************************

**കാലാവസ്ഥ**

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. തെക്കൻ ബംഗാൾ ഉൾക്കടൽ, ആൻഡമാൻ കടൽ, ആൻഡമാൻ നിക്കോബാർ

PNU TVPM

ദ്വീപുകൾ എന്നിവിടങ്ങളിൽ ഈ മാസം 16-ഓടെ കാലവർഷം എത്താൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ നിലനിന്നിരുന്ന ന്യൂനമർദ്ദം ശക്തിപ്രാപിച്ച സാഹചര്യത്തിൽ കേരളത്തിലും മാഹിയിലും ഇടിമിന്നലോടു കൂടിയ ഒറ്റപ്പെട്ട മഴയ്ക് സാധ്യതയുണ്ട്.

*******************************

## ഐപിഎൽ ക്രിക്കറ്റ്

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന്, പഞ്ചാബ് കിംഗ്സ് -മുംബൈ ഇന്ത്യൻസിനെ നേരിടും. ധർമ്മശാലയിൽ രാത്രി 7.30 നാണു മത്സരം.ഇന്നലെ നടന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ റോയൽ ചലഞ്ചേഴ്സ് ബംഗുളൂരു ആറ് വിക്കറ്റിന് ജയിച്ചു.

*******************************

RNU TVPM

## ഇസ്രയേൽ പ്രധാനമന്ത്രി

ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു രഹസ്യ സന്ദർശനം നടത്തിയെന്ന വാർത്ത നിഷേധിച്ച് യുഎഇ. ഇത്തരത്തിലൊരു സംഭവം ഉണ്ടായിട്ടില്ലെന്നും, ഔദ്യോഗികമായി പ്രഖ്യാപിച്ച അബ്രഹാം ഉടമ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമാണ് ഇരുരാജ്യങ്ങളും തമ്മിലുള്ള ബന്ധമെന്നും യുഎഇ വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി. ഇറാൻ യുദ്ധത്തിനിടെ നെതന്യാഹു രഹസ്യമായി യുഎഇ സന്ദർശിച്ചതായും, പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി സുപ്രധാന ചർച്ച നടത്തിയതായും ഇസ്രയേൽ പ്രധാനമന്ത്രിയുടെ ഓഫീസാണ് വെളിപ്പെടുത്തിയത്. ഇസ്രയേലുമായി സഹകരിക്കുന്ന രാജ്യങ്ങൾ പ്രത്യാഘാതം നേരിടേണ്ടിവരുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി മുന്നറിയിപ്പ് നൽകി.

*******************************

**ഓഹരി-സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 406 പോയിന്റ് നേട്ടത്തിൽ 75,015 ലും, നിഫ്റ്റി 155 പോയിന്റ് ഉയർന്നു 23,565 ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി. പവന് 240 രൂപ വർധിച്ച് ഒരു ലക്ഷത്തി 19,040 രൂപയും, ഗ്രാമിന് 14,880 രൂപയുമാണ് ഇന്നത്തെ വില.

**********************************************************************

RNU TVPM